# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2083   06.10.2016 ൽ മറുപടിക്ക്**

## അഴിമതി തടയാൻ ജനകീയ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയാൻ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സർക്കാർ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ നടത്തുന്ന പ്രവൃത്തികളിൽ അഴിമതി തടയുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും, കെട്ടിടം എന്നീ വിഭാഗങ്ങളിൽ കൂടി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി) പൊതുമരാമത്ത് വകുപ്പിന്റെ ചില നിർമ്മാണ പ്രവർത്തനങ്ങളിൽ അനാവശ്യമായ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെങ്കിലും നടപടികൾ സർക്കാർ ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | ബി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ചിലപ്പോൾ അനാവശ്യ കാലതാമസം നേരിടുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. എന്നാൽ free surrender ആയി സ്ഥലം നൽകാമെന്ന് ഉറപ്പ് നൽകിയതിൽ നിന്നും സമയബന്ധിതമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം കാരണവും ബിൽ തുക കൃത്യമായി ലഭിക്കാത്തുകൊണ്ടും ചില കരാറുകാരുടെ |

അനാസ്ഥ കാരണവും, പ്രവൃത്തികളിൽ കോടതി ഇടപെടലുകൾ മുഖേനയും കാലതാമസം വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിനായി സ്ഥലം എം എൽ എ, ജില്ലാകളക്ടർ എന്നിവരെ ഉൾപ്പെടുത്തി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരി ക്കപ്പെടുന്നു. പൊതുമരാമത്ത് പ്രവൃത്തി കൾക്ക് കരാറുകാരുടെ ബിൽ ഘട്ടം ഘട്ടമായി കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ബിൽ തുക നൽകുന്നത് നേരിടുന്ന കാലതാമസം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്ടറുടെ അനാസ്ഥ മൂലം കാലതാമസം വരുന്നത് തടയാൻ പിഴ ഈടാക്കുകയും, റിസ്ക് & കോസ്റ്റിൽ കരാർ അവസാനിപ്പിക്കുകയും, കരാറുകാരുടെ ലൈസൻസ് റദ്ദാക്കുന്നതു ൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

ദേശീയപാത വിഭാഗത്തിൽ കരാറുകാരുടെ വീഴ്ച മൂലം പദ്ധതി പൂർത്തീകരണത്തി നുണ്ടാകുന്ന കാലതാമസത്തിന് ആനുപാതികമായ പിഴ ഈടാക്കുന്ന തിനുള്ള വ്യവസ്ഥ കരാറുകളിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ് സ്പെസിഫിക്കേഷൻ തയ്യാറാക്കുമ്പോൾ അതീവ ശ്രദ്ധ പാലിക്കുന്നതായി ഉറപ്പു വരുത്താറുണ്ട്. പുതുക്കിയ പൊതു മരാമത്ത് വകുപ്പ് മാന്വൽ പ്രകാരം

കാലാവധികളള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ചുമത്തുവാനും കരാർ പ്രകാരം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ മറ്റ് ഏജൻസി വഴി പൂർത്തീകരിക്കുവാനും വ്യവസ്ഥകൾ ഉൾകൊള്ളിച്ചിട്ടുണ്ട്. ഇത് പ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരനെതിരെ നടപടി എടുക്കാറുണ്ട്.

സി) കാസർഗോഡു മുതൽ തിരുവനന്തപുരം വരെ ദേശീയപാത നാലുവരിയാക്കി വികസിപ്പിക്കാൻ സർക്കാർ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

സി) കാസറഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത പുതിയ എൻ എച്ച് 66 (എൻ എച്ച് 47ഉം എൻ എച്ച് 17ഉം കൂടി ചേർന്നത്) കേന്ദ്രസർക്കാരിന്റെ എൻ എച്ച് ഡി പി പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നത്. എന്നാൽ ദേശീയപാത വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ **NHAI** ഈ പാതയുടെ വികസന പദ്ധതിയിൽ നിന്നും പിൻമാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര മന്ത്രാലയം **NHAI**യ്ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീ ആയി അംഗീകരിച്ച് **GO(Ms) No.94/2014/PWD** തീയതി **25.10.2014** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിലേക്കായി അലൈൻ

മെന്റിലുള്ള പ്രശ്നനങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനു വേണ്ട പുതുക്കിയ ഡി പി ആർ തയ്യാറാക്കുന്ന നടപടികൾ **NHAI** മുഖാന്തിരം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ